പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1093. 10.06.2019 ൽ മറുപടിയ്ക്ക്

## ലഹരി ഉല്പന്നങ്ങളുടെ വിപണനവും ഉപയോഗവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ജെ. മാക്സി | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി ഉല്പന്നങ്ങളുടെ വിപണനവും ഉപയോഗവും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഈ സർക്കാർ കാലയളവിൽ നാളിതുവരെ എത്ര തുകയുടെ ലഹരി ഉല്പന്നങ്ങൾ പിടിച്ചെടുത്തുവെന്ന വിവരം കഞ്ചാവ്,ഹാഷിഷ്,ബ്രൗൺഷുഗർ, മാരകമായ രാസലഹരി വസ്തുക്കൾ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ; | (ബി) | എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഫലമായി ഉദ്ദേശം 1000 കോടി രൂപയുടെ മയക്ക് മരുന്ന് പിടികൂടി നടപടി സ്വീകരിച്ചിട്ടുണ്ട്. |

| കണ്ടുപിടിച്ച ലഹരി വസ്തുക്കൾ | പിടികൂടിയ മയക്ക് മരുന്നുകളുടെ തൂക്കം |
|---|---|
| കഞ്ചാവ് | 4845 കി.ഗ്രാം |
| ഹാഷിഷ് ഓയിൽ | 104 കി.ഗ്രാം |
| ബ്രൗൺ ഷുഗർ | 730 ഗ്രാം |
| എൽ.എസ്.ഡി | 10.8 ഗ്രാം |
| എം.ഡി.എം.എ | 31.1 കി.ഗ്രാം |
| ചരസ് | 640 ഗ്രാം |
| ഓപ്പിയം | 5.66 കി.ഗ്രാം |
| മയക്കമരുന്ന് ഗുളികകൾ | 78,017 എണ്ണം |

| | | | |
|---|---|---|---|
| (സി) | ഓരോ ഇനത്തിലും എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തു ; എത്ര പേരെ പിടികൂടി; എത്ര പേരെ പിടികൂടാനുണ്ട്; വ്യക്തമാക്കുമോ; | (സി) | കഞ്ചാവ് കേസുകൾ-16,497, ഹാഷിഷ് ഓയിൽ കേസുകൾ 107, ബ്രൗൺ ഷുഗർ 52, മറ്റ് മാരകമായ രാസലഹരി വസ്തുക്കൾ കൈകാര്യം ചെയ്ത കുറ്റത്തിന് എൻ.ഡി.പി.എസ്. ആക്ട് പ്രകാരം 1477 |

| | | | |
|---|---|---|---|
| | | | കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിലായി ആകെ 18,973 പേരെ പിടികൂടിയിട്ടുള്ളതും 188 പേരെ പിടികൂടാനുമുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സ്കൂൾ കോളേജ് കുട്ടികൾക്ക് ലഹരി ഉല്പന്നങ്ങൾ വിപണനം നടത്തിയ എത്ര കച്ചവടക്കാരെയും മറ്റുള്ളവരെയും പിടികൂടി; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സ്കൂൾ കോളേജ് കുട്ടികൾക്ക് നിരോധിത പുകയില ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള ലഹരി ഉല്പന്നങ്ങൾ വിപണനം നടത്തിയ കുറ്റത്തിന് 7025 പ്രതികളെ പിടികൂടുകയും, 10,420 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**